# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 119 — 30.11.2015 ലെ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) — **ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

### സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവ്

| | | |
|---|---|---|
| (എ) | 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം ആകെ എത്ര കോടിയായിരുന്നു; 2015-16 വർഷത്തിൽ അത് എത്ര കോടിയായി വർദ്ധക്കുമെന്നാണ് കരുതുന്നത്; ബഡ്ജറ്റ് കണക്കുകൾ പ്രകാരം വിശദമാക്കാമോ; 2010-11 ന്റെ വരുമാനത്തിന്റെ എത്ര ശതമാനം വർധന 2015-16 ൽ ഉണ്ടാകുമെന്നും 2014-15 ൽ എത്ര ശതമാനം വർധന ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ | 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം 30990.95 കോടി രൂപയായിരുന്നു. 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വരുമാനം 77427.20 കോടി രൂപയാണ്. 2010-11ലെ വരുമാനത്തിന്റെ 150% വർദ്ധനവ് 2015-16 ൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 2014-15 ൽ 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തേക്കാൾ 87% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളത്തിനും പെൻഷനുമായി 2010-11 വർഷത്തിൽ ചെലവായിരുന്ന ആകെ തുക എത്രയാണ്; 2014-15 ൽ അത് എത്രയായി വർദ്ധിച്ചു; 2010-11 ന്റെ എത്ര ശതമാനം വർധന 2014-15 ൽ ഉണ്ടായി; 2015-16 ൽ 2010-11 ന്റേതിനേക്കാൾ എത്ര ശതമാനം വർധന പ്രതീക്ഷിക്കുന്നു. ബഡ്ജറ്റ് കണക്കുകളുടെയടിസ്ഥാനത്തിൽ വിശദമാക്കുമോ? | സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളത്തിനും പെൻഷനുമായി 2010-11 വർഷത്തിൽ ചെലവായിരുന്ന ആകെ തുക 16835.87 കോടി രൂപയാണ്. 2014-15 ൽ ഇത് 32683.79 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2010-11 കാലയളവിനെ അപേക്ഷിച്ച് 2014-15 ൽ സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളത്തിനും പെൻഷനുമായി ചെലവഴിച്ച തുകയിൽ 94% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ൽ 2010-11 നെ അപേക്ഷിച്ച് 137% വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ